# CLASS NOTES-ANSWERS

## അർത്ഥം എഴുതുക:

മനോരാജ്യം - വിചാരം

ശൃംഖല - ചങ്ങല

ഉടൽ - ശരീരം

തീറ്റ - ആഹാരം

## വിപരീതമെഴുതുക:

ഫലം x വിഫലം

ഉദിക്കുക x അസ്തമിക്കുക

സന്തോഷം x സങ്കടം

## പര്യായപദം:

വെയിൽ - ആതപം, പ്രതാപം

കാറ്റ് - പവനൻ, അനിലൻ

പാമ്പ് - നാഗം, ഉരഗം

മഞ്ഞ് - ഹിമം, തുഷാരം

ഇല - പർണം, പത്രം

ആകാശം - മാനം, ഗഗനം

## പിരിച്ചെഴുതുക:

എന്തെങ്കിലും - എന്ത്+ എങ്കിലും

പാണൽച്ചെടി - പാണൽ + ചെടി

ഒരടി - ഒരു + അടി

പുല്ലല്ലേ - പുല്ല്+ അല്ലേ

THE GARDEN SCHOOL Anakkal P.O, Kanjirappally 686 508

**ചേർത്തെഴുതുക:**

ഇളകി + ആടി = ഇളകിയാടി

തല + ഇൽ = തലയിൽ

പന + ഉടെ = പനയുടെ

തീരാത്ത + അത്ര = തീരാത്തത്ര

**വിഗ്രഹിക്കുക:**

മഞ്ഞുതുള്ളി - മഞ്ഞിൻ്റെ തുള്ളി

പുൽനാമ്പ് - പുല്ലിൻ്റെ നാമ്പ്

ആഹാര ശൃംഖല - ആഹാരത്തിൻ്റെ ശൃംഖല

THE GARDEN SCHOOL Anakkal P.O., Kanjirappally 686508

**ഉത്തരമെഴുതുക:**

(1) പുൽച്ചാടി സന്തോഷത്തോടെ നൃത്തം വെച്ചതെന്തുകൊണ്ട്?

ഉത്തരം: ചുറ്റും എത്ര തിന്നാലും തീരാത്തത്ര പുല്ല് കണ്ടപ്പോൾ ആണ് പുൽച്ചാടി സന്തോഷത്തോടെ നൃത്തം വെച്ചത്.

(2) പാമ്പ് ഓന്തിനെ പിടിച്ചതെങ്ങനെ?

ഉത്തരം: ഓന്തിനെക്കണ്ട പാമ്പ് അതിവേഗം പുല്ലിലേക്കിഴഞ്ഞ് വാലുകൊണ്ട് ഒരടികൊടുത്തു. ഉടൽ കൊണ്ട് ചുറ്റി ഞെക്കിയമർത്തി. അങ്ങനെയാണ് പാമ്പ് ഓന്തിനെ പിടിച്ചത്.

(3) ഓന്തിൻ്റെ പ്രത്യേകത എന്ത്?

ഉത്തരം: പരിസരത്തിനനുസരിച്ച് നിറം മാറുന്നതാണ് ഓന്തിൻ്റെ പ്രത്യേകത.

(4) പരുന്തിൻ്റെ പ്രത്യേകത എന്ത്?

ഉത്തരം: എത്ര ഉയരത്തിൽ പറന്നാലും ഭൂമിയിലുള്ളതിനെ കാണാൻപറ്റും. അതാണ് പരുന്തിൻ്റെ പ്രത്യേകത.